നം: ഇ.എക്സ്.എ1/97329/2012/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം- 695 012
തീയതി: 07/03/2013

**പ്രേഷിതൻ**

**സെക്രട്ടറി**

**സ്വീകർത്താവ്**

**ജില്ലാ വിദ്യാഭ്യാസ ആഫീസർ**

സർ,

വിഷയം: എസ്.എസ്.എൽ.സി പരീക്ഷ- 2013 - ഐ.ടി പരീക്ഷ -സംബന്ധിച്ച്.

സൂചന: നം.സി.(ജി.എൽ)(1)/68664/2012 പ്രകാരമുള്ള 17-10-2012 തീയതിയിലെ വിജ്ഞാപനം.

സൂചനയിലെ വിജ്ഞാപനത്തിലേക്ക് എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരുടേയും ശ്രദ്ധക്ഷണിക്കുന്നു. സ്ക്കൂൾ ഗോയിങ് പരീക്ഷാർത്ഥികൾക്ക് എസ്.എസ്.എൽ.സി ഐ.ടി തിയറിക്ക് ഈ വർഷം (2013) എഴുത്തു പരീക്ഷ ഇല്ല. പകരം പ്രാക്ടിക്കൽ പരീക്ഷയോടൊപ്പം കമ്പ്യൂട്ടറിലാണ് പ്രസ്തുത തിയറി പരീക്ഷ നടത്തുന്നത്.

എന്നാൽ A.R.C, CCC, BT എന്നീ വിഭാഗം വിദ്യാർത്ഥികൾക്ക് ഐ.ടി തിയറിക്ക് എഴുത്തു പരീക്ഷ ഉണ്ട്. ഈ വിഭാഗം വിദ്യാർത്ഥികൾ പഴയ സിലബസിലാണ് ഐ.ടി പരീക്ഷ എഴുതേണ്ടതെന്ന കാര്യം വിജ്ഞാപനത്തിലെ ഖണ്ഡിക III-ൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചില ചീഫ് സൂപ്രണ്ടുമാർ ഇതിനു വിരുദ്ധമായി ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പുതിയ സിലബസിൽ സ്ക്കൂൾ ഗോയിംഗ് വിദ്യാർത്ഥികളോടൊപ്പം ഐ.ടി പരീക്ഷയെഴുതിച്ചതായി മനസിലാക്കുന്നു. ഇപ്രകാരമെഴുയ പരീക്ഷ റദ്ദ് ചെയ്ത് അവർക്ക് മാർച്ച് 23-ാം തീയതി എഴുത്തു പരീക്ഷയും 25-ാം തീയതി ഐ.ടി പ്രാക്ടിക്കൽ പരീക്ഷയും നടത്തേണ്ടതാണ്. ഇക്കാര്യം ബന്ധപ്പെട്ട ചീഫ് സൂപ്രണ്ടുമാരെ അറിയിക്കേണ്ടതാണ്.

ഇപ്രകാരം തെറ്റായി പരീക്ഷയ്ക്കിരുത്തിയ A.R.C, CCC, BT കുട്ടികളുടെ രജിസ്റ്റർ നമ്പരുകൾ ജില്ലാ വിദ്യാഭ്യാസ ആഫീസർ ശേഖരിച്ച്

പരീക്ഷാഭവനിലേക്ക് cgeasection@gmail.com എന്ന ഇ-മെയിലിലേക്ക് അടിയന്തിരമായി അയയ്ക്കേണ്ടതുമാണ്.

വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പരീക്ഷ നടത്തിയ ചീഫ് സൂപ്രണ്ടുമാർക്കെതിരെ താങ്കൾ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

ARC, CCC, BT വിഭാഗത്തിലെ ഐ.ടി വിഷയത്തിലെ എഴുത്തു പരീക്ഷയുടെ ഉത്തരക്കടലാസുകൾ IT PCN/PCO ഉത്തരക്കടലാസുകൾക്കായി നിശ്ചയിക്കപ്പെട്ട മൂല്യനിർണ്ണയ ക്യാമ്പിലേയ്ക്കാണ് അയയ്ക്കേണ്ടത് എന്ന നിർദ്ദേശം കൂടി എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി